**പതിനഞ്ചാം കേരള നിയമസഭ**

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

**(2023-26)**

**പത്തൊൻപതാമത് റിപ്പോർട്ട്**

(2026 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(നിയമ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളും വകുപ്പിൽനിന്ന് പുറപ്പെടുവിച്ച എസ്.ആർ.ഒ./വിജ്ഞാപനങ്ങളും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയത് സംബന്ധിച്ച റിപ്പോർട്ട്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2026

# പതിനഞ്ചാം കേരള നിയമസഭ

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

## (2023-26)

**പത്തൊൻപതാമത് റിപ്പോർട്ട്**

(2026 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(നിയമ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളും വകുപ്പിൽനിന്ന് പുറപ്പെടുവിച്ച എസ്.ആർ.ഒ./വിജ്ഞാപനങ്ങളും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയത് സംബന്ധിച്ച റിപ്പോർട്ട്)**

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. V |
| മുഖവുര | .. VII |
| ആമുഖം | .. IX |
| റിപ്പോർട്ട് | .. 1-23 |
| അനുബന്ധം 1 | .. 24-25 |
| അനുബന്ധം 2 | .. 26-30 |

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
## (2023-26)

### സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. പി. അബ്ദുൽ ഹമീദ്, എം.എൽ.എ.

ശ്രീ. എൻ. കെ. അക്ബർ, എം.എൽ.എ.

ശ്രീ. എം. എസ്. അരുൺകുമാർ, എം.എൽ.എ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

ശ്രീ. എം. വിജിൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി റീന വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേശൻ സി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി

## മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി(2023-26)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2026 ഫെബ്രുവരി 23-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു.

**ശ്രീ. പി. സി. വിഷ്ണുനാഥ്,**

*ചെയർപേഴ്സൺ,*

*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം

24 ഫെബ്രുവരി 2026

## ആമുഖം

പൊതുമേഖലാ സ്ഥാപനങ്ങൾ അവയുടെ റിപ്പോർട്ടുകൾ ചട്ടപ്രകാരമുള്ള കാലപരിധിക്കുള്ളിലാണോ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതെന്നും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ അകാരണമായ കാലതാമസം വരുത്തുന്നുണ്ടോയെന്നും പരിശോധിക്കുന്നതിന് ഒരു പ്രത്യേക സമിതി രൂപീകരിക്കണമെന്ന ഒൻപതാം കേരള നിയമസഭയുടെ ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 1995 ഏപ്രിൽ 21-ാം തീയതിയിലെ അസാധാരണ ഗസറ്റ് വിജ്ഞാപനം വഴിയാണ് 1995 ഏപ്രിൽ 28-ാം തീയതി കേരള നിയമസഭയിലെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി രൂപീകൃതമായത്.

നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ നിയമത്തിൽ അനുശാസിക്കുന്നത് പ്രകാരം യഥാസമയം സഭയിൽ സമർപ്പിക്കുന്നുണ്ടോ, അവ സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുന്ന കാലതാമസപത്രിക സഹിതമാണോ സഭയിൽ സമർപ്പിച്ചത്, കാലതാമസ പത്രികയിൽ പറഞ്ഞിരിക്കുന്ന കാരണങ്ങൾ വസ്തുനിഷ്ഠവും അംഗീകരിക്കാവുന്നതുമാണോ എന്നിവ പരിശോധിക്കുകയും ഇത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതോടൊപ്പം ബഹു. സ്പീക്കർ കാലാ- കാലങ്ങളിൽ ചുമതലപ്പെടുത്തുന്ന മറ്റ് പ്രവർത്തനങ്ങൾ ചെയ്യുകയെന്നതുമാണ് മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ കർത്തവ്യം.

നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കടലാസുകൾ മേശപ്പുറത്ത് വയ്ക്കാൻ ബാധ്യസ്ഥരായ ഭരണ വകുപ്പുകൾ അവ സമയബന്ധിതമായി ലഭ്യമാക്കാൻ ശ്രദ്ധ്കാന്തി കാണിക്കേണ്ടതിന്റെ ആവശ്യകത സമിതി ഊന്നിപ്പറയാറുണ്ട്. സമിതിയുടെ നിരന്തര ഇടപെടലുകളിലൂടെ കുടിശ്ശികയായ നിരവധി റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സ്ഥാപനങ്ങൾ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ പുരോഗതി വന്നിട്ടുണ്ടെങ്കിലും സമയബന്ധിതമായി സമർപ്പിക്കുന്നതിൽ ഇനിയും

പൂർണ്ണത കൈവരിച്ചിട്ടില്ല.

ഭരണഘടനാനുസൃതമായ നിയമനിർമ്മാണം സംബന്ധിച്ച വിവരങ്ങൾ നിയമസഭയ്ക്ക് യഥാസമയം ലഭ്യമാക്കേണ്ടത് സർക്കാരിന്റെ കടമയും അത് ലഭിക്കുക എന്നത് സാമാജികരുടെ ഭരണഘടനാപരമായ അവകാശവുമാണ്. റിപ്പോർട്ടുകൾ, ചട്ടങ്ങൾ എന്നിവ യഥാസമയം സമർപ്പിച്ചെങ്കിൽ മാത്രമേ സാമാജികർക്ക് അവരുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വവും ഫലപ്രദമായി നിർവ്വഹിക്കുന്നതിനും അതുവഴി ഭരണ നിർവഹണത്തിൽ വന്നുപെടുന്ന പോരായ്മകളും ക്രമക്കേടുകളും കണ്ടെത്താനും ആയവ തിരുത്തി ഭരണം കുറ്റമറ്റതാക്കി ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും സാധിക്കുകയുള്ളൂ.

## റിപ്പോർട്ട്

സംസ്ഥാന സർക്കാരിന്റെ നിയമപരിശോധനാ വിഭാഗമാണ് നിയമ വകുപ്പ്. ഭരണഘടനയും നിയമവ്യവസ്ഥയും ഉയർത്തിപ്പിടിച്ചുകൊണ്ട് ഭരണസംവിധാനം മുന്നോട്ട് പോകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിൽ നിയമവകുപ്പിന്റെ പങ്ക് വളരെ വലുതാണ്. ഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾ നിയമപരമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്ന പ്രധാന ഉപദേശക സമിതിയാണ് നിയമ വകുപ്പ്. ഒരു സ്ഥാപനത്തിന്റെയോ സർക്കാരിന്റെയോ പ്രവർത്തനങ്ങൾ നിയമപരമായി സുരക്ഷിതമാക്കാനും പ്രവർത്തനപരമായ നിയമ സാധുത ഉറപ്പാക്കാനും നിയമ വകുപ്പ് നിയമോപദേശം നൽകുന്നു. ഭരണഘടനാപരമായ കാര്യങ്ങൾ, നിയമനിർമ്മാണം, കരാറുകൾ, കോടതി കേസുകൾ കൈകാര്യം ചെയ്യൽ, മറ്റ് വകുപ്പുകൾക്ക് നിയമപരമായ ഉപദേശം നൽകൽ എന്നിവ വകുപ്പിന്റെ പ്രധാന ചുമതലകളാണ്.

2) കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി (KELSA), ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി (DLSA), പെർമനന്റ് ലോക് അദാലത്തുകൾ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്), കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റി, അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റി, കേരള നിയമപരിഷ്കരണ കമ്മീഷൻ എന്നിവയാണ് നിയമ വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങൾ.

3) നിയമ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളുടെ കുടിശ്ശിക റിപ്പോർട്ടുകൾ, എസ്.ആർ.ഒ.കൾ/ വിജ്ഞാപനങ്ങൾ, കമ്മിറ്റി റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ചും എസ്.ആർ.ഒ.നം. 88/2021 സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കാത്തത് സംബന്ധിച്ച് നിയമ വകുപ്പ് ലഭ്യമാക്കിയ മറുപടി സംബന്ധിച്ചും നിയമ വകുപ്പ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്താൻ സമിതി നിർദ്ദേശിക്കുകയുണ്ടായി. അതിൻപ്രകാരം 2025 ജൂലൈ 30-ാം തീയതി തെളിവെടുപ്പ്

നടത്തുകയും പ്രസ്തുത തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും വകുപ്പിന് നൽകിയ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

4) നിയമസഭയിൽ റിപ്പോർട്ട് സമർപ്പിക്കാൻ ബാധ്യതയുള്ളതായി വകുപ്പ് അറിയിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ 30.07.2025-ാം തീയതി വരെയുള്ള റിപ്പോർട്ട് സമർപ്പണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അവസാനം സഭയിൽ സമർപ്പിച്ച റിപ്പോർട്ട് (30.07.2025-ാം തീയതി വരെ) | കുടിശ്ശിക റിപ്പോർട്ടുകൾ |
|---|---|---|---|
| 1 | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ | 2020-21-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 23.01.2025-ന് സഭയിൽ സമർപ്പിച്ചു. | 1 വർഷത്തെ വാർഷിക റിപ്പോർട്ടും (2023-24) 2 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളും (2022-23,2023-24) കുടിശ്ശികയാണ് |
| 2 | കേരള സംസ്ഥാന നിയമ സേവന അതോറിറ്റി | 2017-18-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 05.10.2021-ന് സഭയിൽ സമർപ്പിച്ചു. | 2 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2015-16, 2023-24) |
| 3 | തിരുവനന്തപുരം ജില്ലാ നിയമ സേവന അതോറിറ്റി | 2018-19-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 31.01.2024-ന് സഭയിൽ സമർപ്പിച്ചു. | 5 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2019-20 മുതൽ 2023-24 വരെ) |
| 4 | കൊല്ലം ജില്ലാ നിയമ സേവന അതോറിറ്റി | 2014-15-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 31.01.2024-ന് സഭയിൽ സമർപ്പിച്ചു. | 4 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2020-21 മുതൽ 2023-24 വരെ) |
| 5 | പത്തനംതിട്ട ജില്ലാ നിയമ സേവന അതോറിറ്റി | 2022-23-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 25.03.2025-ന് സഭയിൽ സമർപ്പിച്ചു. | 1 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് കുടിശ്ശികയാണ്. (2023-24) |
| 6 | ആലപ്പുഴ ജില്ലാ നിയമ സേവന അതോറിറ്റി | 2015-16-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 30.01.2018-ന് സഭയിൽ സമർപ്പിച്ചു. | 4 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2017-18, 2021-22 മുതൽ 2023-24 വരെ) |
| 7 | കോട്ടയം ജില്ലാ നിയമ സേവന അതോറിറ്റി | 2021-22-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 11.06.2024-ന് സഭയിൽ | 2 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. |

| | | | |
|---|---|---|---|
| | | സമർപ്പിച്ചു. | (2022-23, 2023-24) |
| 8 | ഇടുക്കി ജില്ലാ നിയമ സേവന അതോറിറ്റി | 2022-23-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 04.03.2025-ന് സഭയിൽ സമർപ്പിച്ചു. | 1 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് കുടിശ്ശികയാണ്. (2023-24) |
| 9 | എറണാകുളം ജില്ലാ നിയമ സേവന അതോറിറ്റി | 2015-16-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 31.01.2024-ന് സഭയിൽ സമർപ്പിച്ചു. | 8 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2016-17 മുതൽ 2023-24 വരെ) |
| 10 | തൃശ്ശൂർ ജില്ലാ നിയമ സേവന അതോറിറ്റി | 2022-23-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 13.02.2025-ന് സഭയിൽ സമർപ്പിച്ചു. | 1 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് കുടിശ്ശികയാണ്. (2023-24) |
| 11 | പാലക്കാട് ജില്ലാ നിയമ സേവന അതോറിറ്റി | 2022-23-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 23.01.2025-ന് സഭയിൽ സമർപ്പിച്ചു. | 1 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് കുടിശ്ശികയാണ്. (2023-24) |
| 12 | മലപ്പുറം ജില്ലാ നിയമ സേവന അതോറിറ്റി | 2022-23-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 13.02.2025-ന് സഭയിൽ സമർപ്പിച്ചു. | കുടിശ്ശികയില്ല |
| 13 | കോഴിക്കോട് ജില്ലാ നിയമ സേവന അതോറിറ്റി | 2014-15-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 08.10.2024-ന് സഭയിൽ സമർപ്പിച്ചു. | 3 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2021-22 മുതൽ 2023-24 വരെ) |
| 14 | വയനാട് ജില്ലാ നിയമ സേവന അതോറിറ്റി | 2022-23-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 25.03.2025-ന് സഭയിൽ സമർപ്പിച്ചു. | 1 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് കുടിശ്ശികയാണ്. (2023-24) |
| 15 | കണ്ണൂർ ജില്ലാ നിയമ സേവന അതോറിറ്റി | 2014-15-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 31.01.2024-ന് സഭയിൽ സമർപ്പിച്ചു. | 6 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2016-17, 2019-20 മുതൽ 2023-24 വരെ) |
| 16 | കാസർഗോഡ് ജില്ലാ നിയമ സേവന അതോറിറ്റി | 2021-22-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 08.10.2024-ന് സഭയിൽ സമർപ്പിച്ചു. | 2 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2022-23, 2023-24) |
| 17 | തിരുവനന്തപുരം പെർമനന്റ് ലോക് അദാലത്ത് | 2020-21-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 08.10.2024-ന് സഭയിൽ സമർപ്പിച്ചു. | 3 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2021-22 മുതൽ 2023-24 വരെ) |
| 18 | എറണാകുളം പെർമനന്റ് ലോക് അദാലത്ത് | 2018-19-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 28.06.2022-ന് സഭയിൽ സമർപ്പിച്ചു. | 5 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2019-20 മുതൽ 2023-24 വരെ) |
| 19 | കോഴിക്കോട് പെർമനന്റ് ലോക് | 2015-16-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 28.06.2022-ന് സഭയിൽ സമർപ്പിച്ചു. | 7 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2017-18 മുതൽ 2023-24 വരെ) |

| | | | |
|---|---|---|---|
| | അദാലത്ത് | | |
| 20 | കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി | 2023-24-ലെ വാർഷിക റിപ്പോർട്ട് 13.02.2025-ന് സഭയിൽ സമർപ്പിച്ചു. | കുടിശ്ശികയില്ല |
| 21 | കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റി | 2020-21-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 11.06.2024-ന് സഭയിൽ സമർപ്പിച്ചു. | 3 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2021-22 മുതൽ 2023-24 വരെ) |
| 22 | കേരള നിയമപരിഷ്കരണ കമ്മീഷൻ | 2023-24-ലെ വാർഷിക റിപ്പോർട്ട് 13.02.2025-ന് സഭയിൽ സമർപ്പിച്ചു. | കുടിശ്ശികയില്ല |

**1. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ**

5) 1993-ലെ മനുഷ്യാവകാശ സംരക്ഷണ നിയമത്തിലെ വകുപ്പ് 21 അനുസരിച്ച് 1998 ഡിസംബർ മാസം പതിനൊന്നാം തീയതി രൂപീകൃതമായ ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. തിരുവനന്തപുരത്താണ് കമ്മീഷന്റെ ആസ്ഥാനം സ്ഥിതി ചെയ്യുന്നത്. ഭരണഘടന ഉറപ്പ് നൽകുന്ന ജീവിക്കാനുള്ള അവകാശം, സ്വാതന്ത്ര്യം, സമത്വം എന്നിവ സംരക്ഷിക്കുക, ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ച മൂലമോ മനുഷ്യാവകാശ ലംഘനങ്ങൾ ഉണ്ടായാലോ പരാതി സ്വീകരിക്കുകയും അന്വേഷണം നടത്തുകയും ചെയ്യുക, സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ മനുഷ്യാവകാശങ്ങളെ കുറിച്ച് അറിവ് നൽകുക എന്നിവയാണ് കമ്മീഷന്റെ പ്രധാന ലക്ഷ്യങ്ങൾ.

6) 1993-ലെ മനുഷ്യാവകാശ സംരക്ഷണ നിയമത്തിലെ വകുപ്പ് 28(2), 35(4) എന്നിവ പ്രകാരം കമ്മീഷൻ ഓരോ വർഷവും അവരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വാർഷിക റിപ്പോർട്ട് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്. കൂടാതെ വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നത് വരെ കാത്തിരിക്കാൻ കഴിയാത്തവിധം അടിയന്തര സ്വഭാവമുള്ളതോ പ്രാധാന്യമുള്ളതോ ആയ ഏതൊരു കാര്യത്തെക്കുറിച്ചും പ്രത്യേക റിപ്പോർട്ടുകൾ (Special Reports) ഏതു സമയത്തും കമ്മീഷന് സർക്കാരിന് സമർപ്പിക്കാവുന്നതും സർക്കാർ പ്രസ്തുത റിപ്പോർട്ട് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതുമാണ്. കമ്മീഷന്റെ

ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളോ അല്ലെങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളോ വ്യക്തമാക്കുന്ന മെമ്മോറാണ്ടം (Memorandum of Action Taken) ഇതിനോടൊപ്പം ഉണ്ടായിരിക്കണം. കമ്മീഷന്റെ ഏതെങ്കിലും ശിപാർശകൾ സർക്കാർ അംഗീകരിച്ചിട്ടില്ലെങ്കിൽ, അത് എന്തുകൊണ്ടാണെന്നതിന്റെ കാരണവും റിപ്പോർട്ടിൽ വ്യക്തമാക്കേണ്ടതുണ്ട്. അതോടൊപ്പം പ്രസ്തുത ആക്ടിലെ സെക്ഷൻ 35(4) പ്രകാരം കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലോ (C&AG) അദ്ദേഹം ചുമതലപ്പെടുത്തുന്ന വ്യക്തിയോ സാക്ഷ്യപ്പെടുത്തിയ കമ്മീഷന്റെ കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും സംസ്ഥാന കമ്മീഷൻ വർഷം തോറും സംസ്ഥാന സർക്കാരിന് അയച്ചു നൽകേണ്ടതും സർക്കാർ ഈ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചാലുടൻ അത് നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

7) സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ മനുഷ്യാവകാശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും നിയമപരമായ സംരക്ഷണത്തെക്കുറിച്ച് ബോധവാന്മാരാക്കുകയും ചെയ്യുന്ന വലിയ ചുമതലയുള്ള മനുഷ്യാവകാശ കമ്മീഷൻ തന്നെ നിയമപ്രകാരം നിയമസഭയിൽ സമർപ്പിക്കാൻ ബാധ്യതപ്പെട്ട റിപ്പോർട്ടുകൾ സമർപ്പിക്കാൻ കാലതാമസം വരുത്തിയത് അംഗീകരിക്കാനാകില്ലെന്ന് അഭിപ്രായപ്പെട്ട സമിതി കുടിശ്ശികയായുള്ള രണ്ട് വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും ഒരു വർഷത്തെ വാർഷിക റിപ്പോർട്ടും മൂന്ന് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു.

8) സമിതി നിർദ്ദേശപ്രകാരം 2022-23-ലെ ഓഡിറ്റ് റിപ്പോർട്ട് 27.01.2026-നും 2023-24-ലെ ഓഡിറ്റ് റിപ്പോർട്ട് 24.02.2026-നും സഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2023-24-ലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സ്ഥാപനത്തിന്റെ 2023-24-ലെ വാർഷിക റിപ്പോർട്ടും 2024-25 വർഷത്തെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9) കമ്മീഷന്റെ തുടർന്നുള്ള വർഷങ്ങളിലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ്

റിപ്പോർട്ടും കാലതാമസം വരുത്താതെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിൽ ജാഗ്രത പുലർത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**2. സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി (KELSA)**

10) 1987-ൽ നിലവിൽ വന്ന ലീഗൽ സർവീസസ് ആക്റ്റ് പ്രകാരം ഇന്ത്യയിൽ നാഷണൽ ലീഗൽ സർവീസസ് അതോറിറ്റിയും കേരളത്തിൽ, അതിന്റെ സംസ്ഥാന ഘടകമായ കേരള ലീഗൽ സർവീസസ് അതോറിറ്റിയും രൂപംകൊണ്ടു. നീതി ലഭിക്കുക എന്നത് സമൂഹത്തിലെ എല്ലാവരുടെയും അവകാശമാണ് എന്നിരിക്കെ, സാമ്പത്തികവും പലതരത്തിലുള്ള പരിമിതികളും നിമിത്തം സമൂഹത്തിലെ അശരണർക്ക് നീതി ലഭിക്കാതെപോകുന്ന സാഹചര്യം ഒഴിവാക്കി ഇത്തരക്കാർക്ക് സൗജന്യമായി നിയമസഹായം നൽകുക എന്നതാണ് ലീഗൽ സർവീസസ് അതോറിറ്റീസ് ആക്റ്റിലൂടെ ലക്ഷ്യമിടുന്നത്. സമൂഹത്തിലെ സാധുക്കൾക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും ഭരണഘടന ഉറപ്പുനൽകുന്ന നിയമപരമായ അവകാശങ്ങൾ ലഭ്യമാക്കുകയാണ് കേരള ലീഗൽ സർവീസസ് അതോറിറ്റിയുടെ ദൗത്യം.

11) 1987-ലെ ലീഗൽ സർവീസസ് ആക്റ്റിലെ വകുപ്പ് 18 (4), 18(6) എന്നിവ പ്രകാരം അതോറിറ്റി ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലോ അദ്ദേഹം ചുമതലപ്പെടുത്തുന്ന വ്യക്തിയോ സാക്ഷ്യപ്പെടുത്തിയ കണക്കുകളും ഓഡിറ്റ് റിപ്പോർട്ടുകളും നിയമസഭ മുമ്പാകെ സമർപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നു.

12) കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയുടെ കുടിശ്ശികയായിട്ടുള്ള 2015-16, 2023-24 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ മൂന്ന് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തെളിവെടുപ്പ് യോഗത്തിന് ശേഷം സംസ്ഥാന നിയമ സേവന അതോറിറ്റിയുടെ ഒരു റിപ്പോർട്ട് പോലും നാളിതുവരെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ല.

13) തെളിവെടുപ്പ് വേളയിലെ സമിതി നിർദ്ദേശം പാലിക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സ്ഥാപനത്തിന്റെ 2015-16, 2023-24, 2024-25 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(3) തിരുവനന്തപുരം ജില്ലാ നിയമ സേവന അതോറിറ്റി**

14) തിരുവനന്തപുരം ജില്ലാ നിയമ സേവന അതോറിറ്റിയുടെ അഞ്ച് വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയാണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ചൂണ്ടിക്കാട്ടിയതിന് 2023-24 വരെയുള്ള പ്രത്യേക ഓഡിറ്റ് റിപ്പോർട്ടുകൾ എ.ജി.ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും കുടിശ്ശിക റിപ്പോർട്ടുകൾ മൂന്നുമാസത്തിനുള്ളിൽ ലഭ്യമാക്കാമെന്നും കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി അക്കൗണ്ട്സ് ഓഫീസർ സമിതിയ്ക്ക് ഉറപ്പ് നൽകിയിരുന്നു.

15) എന്നാൽ സമിതിയ്ക്ക് നൽകിയ ഉറപ്പ് പ്രകാരമുള്ള കുടിശ്ശിക റിപ്പോർട്ടുകൾ ഒന്നുംതന്നെ നാളിതുവരെ ലഭ്യമാക്കാത്തത് വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമായി സമിതി കണക്കാക്കുന്നു. സ്ഥാപനത്തിന്റെ 2019-20 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(4) കൊല്ലം ജില്ലാ നിയമ സേവന അതോറിറ്റി**

16) കൊല്ലം ജില്ലാ നിയമ സേവന അതോറിറ്റിയുടെ കുടിശ്ശികയായുള്ള നാല് വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ ആറ് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തെളിവെടുപ്പ് യോഗത്തിന് ശേഷം സ്ഥാപനത്തിന്റെ ഒരു റിപ്പോർട്ട് പോലും നാളിതുവരെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ല.

17) തെളിവെടുപ്പ് വേളയിലെ സമിതി നിർദ്ദേശം പാലിക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സ്ഥാപനത്തിന്റെ 2020-21 മുതൽ 2024-25

വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(5) പത്തനംതിട്ട ജില്ലാ നിയമ സേവന അതോറിറ്റി**

18) പത്തനംതിട്ട ജില്ലാ നിയമ സേവന അതോറിറ്റിയുടെ കുടിശ്ശികയായുള്ള ഒരു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് മൂന്ന് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. സമിതി നിർദ്ദേശപ്രകാരം സ്ഥാപനത്തിന്റെ 2023-24-ലെ ഓഡിറ്റ് റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുകയും ആയത് 27.01.2026-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ 2024-25-ലെ ഓഡിറ്റ് റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(6) ആലപ്പുഴ ജില്ലാ നിയമ സേവന അതോറിറ്റി**

19) ആലപ്പുഴ ജില്ലാ നിയമ സേവന അതോറിറ്റിയുടെ കുടിശ്ശികയായുള്ള നാല് വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ ആറ് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. സമിതി നിർദ്ദേശപ്രകാരം 2021-22, 2022-23 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ 27.01.2026-ന് സഭയിൽ സമർപ്പിച്ചെങ്കിലും 2017-18, 2023-24 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

20) ആയതിനാൽ സ്ഥാപനത്തിന്റെ 2017-18, 2023-24, 2024-25 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(7) കോട്ടയം ജില്ലാ നിയമ സേവന അതോറിറ്റി**

21) കോട്ടയം ജില്ലാ നിയമ സേവന അതോറിറ്റിയുടെ കുടിശ്ശികയായുള്ള രണ്ട്

വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ മൂന്ന് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. സമിതി നിർദ്ദേശപ്രകാരം 2022-23-ലെ ഓഡിറ്റ് റിപ്പോർട്ട് 17.09.2025-ന് സഭയിൽ സമർപ്പിച്ചെങ്കിലും 2023-24-ലെ ഓഡിറ്റ് റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

22) ആയതിനാൽ സ്ഥാപനത്തിന്റെ 2023-24, 2024-25 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(8) ഇടുക്കി ജില്ലാ നിയമ സേവന അതോറിറ്റി**

23) ഇടുക്കി ജില്ലാ നിയമ സേവന അതോറിറ്റിയുടെ കുടിശ്ശികയായുള്ള ഒരു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് മൂന്ന് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു.

24) എന്നാൽ സമിതിയ്ക്ക് നൽകിയ ഉറപ്പ് പ്രകാരമുള്ള കുടിശ്ശിക റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സ്ഥാപനത്തിന്റെ 2023-24, 2024-25 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(9) എറണാകുളം ജില്ലാ നിയമ സേവന അതോറിറ്റി**

25) എറണാകുളം ജില്ലാ നിയമ സേവന അതോറിറ്റിയുടെ എട്ട് വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയായത് വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ചയായി വിലയിരുത്തേണ്ടി വരുമെന്ന് തെളിവെടുപ്പ് വേളയിൽ അഭിപ്രായപ്പെട്ട സമിതി കുടിശ്ശിക റിപ്പോർട്ടുകൾ ആറ് മാസത്തിനുള്ളിൽ സമർപ്പിക്കണമെന്ന് വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. സ്ഥാപനത്തിന്റെ 2021-22 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളാണ് സി&എ.ജി.ക്ക് സമർപ്പിച്ചിട്ടുള്ളതെന്നും അതിനുശേഷമുള്ളവ

സമർപ്പിച്ചിട്ടില്ലെന്നും കുടിശ്ശിക റിപ്പോർട്ടുകൾ ആറുമാസത്തിനുള്ളിൽ സമർപ്പിക്കാമെന്നും കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി അക്കൗണ്ട്സ് ഓഫീസർ സമിതിക്ക് ഉറപ്പ് നല്കിയിരുന്നു.

26) എന്നാൽ സമിതിയ്ക്ക് നൽകിയ ഉറപ്പ് പ്രകാരമുള്ള കുടിശ്ശിക റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കാത്തത് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യ വിലോപമായി സമിതി കാണുന്നു. ഇത്തരം കാലതാമസം ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ വകുപ്പ് സെക്രട്ടറി തലത്തിൽ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

27) <u>സ്ഥാപനത്തിന്റെ 2016-17 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>.

**(10) <u>തൃശ്ശൂർ ജില്ലാ നിയമ സേവന അതോറിറ്റി</u>**

28) തൃശ്ശൂർ ജില്ലാ നിയമ സേവന അതോറിറ്റിയുടെ കുടിശ്ശികയായുള്ള ഒരു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് മൂന്ന് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു.

29) എന്നാൽ സമിതിയ്ക്ക് നൽകിയ ഉറപ്പ് പ്രകാരമുള്ള കുടിശ്ശിക റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം <u>സ്ഥാപനത്തിന്റെ 2023-24, 2024-25 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>.

**(11) <u>പാലക്കാട് ജില്ലാ നിയമ സേവന അതോറിറ്റി</u>**

30) പാലക്കാട് ജില്ലാ നിയമ സേവന അതോറിറ്റിയുടെ കുടിശ്ശികയായുള്ള ഒരു

വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് മൂന്ന് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു.

31) എന്നാൽ സമിതിയ്ക്ക് നൽകിയ ഉറപ്പ് പ്രകാരമുള്ള കുടിശ്ശിക റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സ്ഥാപനത്തിന്റെ 2023-24, 2024-25 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**12) മലപ്പുറം ജില്ലാ നിയമ സേവന അതോറിറ്റി**

32) മലപ്പുറം ജില്ലാ നിയമ സേവന അതോറിറ്റിയുടെ 2023-24-ലെ ഓഡിറ്റ് റിപ്പോർട്ട് 17.09.2025-ൽ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ 2024-25-ലെ ഓഡിറ്റ് റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**13) കോഴിക്കോട് ജില്ലാ നിയമ സേവന അതോറിറ്റി**

33) കോഴിക്കോട് ജില്ലാ നിയമ സേവന അതോറിറ്റിയുടെ കുടിശ്ശികയായുള്ള മൂന്ന് വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ മൂന്ന് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തെളിവെടുപ്പ് യോഗത്തിന് ശേഷം സ്ഥാപനത്തിന്റെ ഒരു റിപ്പോർട്ട് പോലും നാളിതുവരെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ല.

34) തെളിവെടുപ്പ് വേളയിലെ സമിതി നിർദ്ദേശം പാലിക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സ്ഥാപനത്തിന്റെ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**14) വയനാട് ജില്ലാ നിയമ സേവന അതോറിറ്റി**

35) വയനാട് ജില്ലാ നിയമ സേവന അതോറിറ്റിയുടെ കുടിശ്ശികയായുള്ള ഒരു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് മൂന്ന് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു.

36) എന്നാൽ സമിതിയ്ക്ക് നൽകിയ ഉറപ്പ് പ്രകാരമുള്ള കുടിശ്ശിക റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സ്ഥാപനത്തിന്റെ 2023-24, 2024-25 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**15) കണ്ണൂർ ജില്ലാ നിയമ സേവന അതോറിറ്റി**

37) കണ്ണൂർ ജില്ലാ നിയമ സേവന അതോറിറ്റിയുടെ ആറ് വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയായത് വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള ഗുരുതര കൃത്യവിലോപമായി കാണേണ്ടി വരുമെന്ന് അഭിപ്രായപ്പെട്ട സമിതി കുടിശ്ശിക റിപ്പോർട്ടുകൾ ആറ് മാസത്തിനുള്ളിൽ സമർപ്പിക്കണമെന്ന് തെളിവെടുപ്പ് യോഗത്തിൽ വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു.

38) എന്നാൽ സമിതിയ്ക്ക് നൽകിയ ഉറപ്പ് പ്രകാരമുള്ള കുടിശ്ശിക റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഇത്തരത്തിലുള്ള വീഴ്ച ആവർത്തിക്കാതിരിക്കണമെന്നും സ്ഥാപനത്തിന്റെ 2016-17 കാലയളവിലേയും 2019-20 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലേയും ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**16) കാസർഗോഡ് ജില്ലാ നിയമ സേവന അതോറിറ്റി**

39) കാസർഗോഡ് ജില്ലാ നിയമ സേവന അതോറിറ്റിയുടെ കുടിശ്ശികയായുള്ള

രണ്ട് വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ മൂന്ന് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചത് പ്രകാരം 2022-23-ലെ ഓഡിറ്റ് റിപ്പോർട്ട് 27.01.2026-ന് സഭയിൽ സമർപ്പിച്ചെങ്കിലും 2023-24-ലെ ഓഡിറ്റ് റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

40) ആയതിനാൽ <u>സ്ഥാപനത്തിന്റെ 2023-24, 2024-25 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**<u>പെർമനന്റ് ലോക് അദാലത്തുകൾ</u>**

41) പൊതുജനങ്ങൾക്ക് വേഗത്തിലും സൗജന്യമായും നീതി ഉറപ്പാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സംവിധാനമാണ് പെർമനന്റ് ലോക് അദാലത്ത്. പൊതുജനോപയോഗ സേവന മേഖലകളായ (1) ട്രാൻസ്പോർട്ട് സർവ്വീസ് (വായു, കര, ജലം എന്നിവ മുഖേനയുള്ള സഞ്ചാരവും ചരക്ക് കടത്തും), (2) പോസ്റ്റൽ, ടെലഗ്രാഫ്, ടെലിഫോൺ സർവീസ്, (3) വൈദ്യുതി, വെളിച്ചം, വെള്ളം എന്നിവയുടെ വിതരണം, (4) പൊതുജനാരോഗ്യ സംരക്ഷണവും ശുചീകരണവും, (5) ആശുപത്രികൾ, ഡിസ്പൻസറികൾ ഇവയുടെ സേവനം, (6) ഇൻഷുറൻസ് സേവനം എന്നിവയുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കുന്നതിനായി 1987-ലെ ലീഗൽ സർവീസസ് അതോറിറ്റീസ് ആക്റ്റ്, 2002-ലെ ലീഗൽ സർവീസസ് അതോറിറ്റീസ് അമെൻഡ്മെന്റ് ആക്റ്റ് എന്നിവ പ്രകാരം സ്ഥാപിതമായ സംവിധാനമാണ് പെർമനന്റ് ലോക് അദാലത്ത് (പി.എൽ.എ.). കേരളത്തിൽ, നിലവിൽ മൂന്ന് മേഖലകളിൽ പെർമനന്റ് ലോക് അദാലത്ത് (PLA)-ന്റെ സേവനം ലഭ്യമാണ്.

**17) <u>തിരുവനന്തപുരം പെർമനന്റ് ലോക് അദാലത്ത്</u>**

42) തിരുവനന്തപുരം പെർമനന്റ് ലോക് അദാലത്തിന്റെ കുടിശ്ശികയായുള്ള മൂന്ന്

വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ മൂന്ന് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തെളിവെടുപ്പ് യോഗത്തിന് ശേഷം സ്ഥാപനത്തിന്റെ ഒരു റിപ്പോർട്ട് പോലും നാളിതുവരെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ല.

43) തെളിവെടുപ്പ് വേളയിലെ സമിതി നിർദ്ദേശം പാലിക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സ്ഥാപനത്തിന്റെ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**18) എറണാകുളം പെർമനന്റ് ലോക് അദാലത്ത്**

44) എറണാകുളം ജില്ലാ നിയമ സേവന അതോറിറ്റിയുടെ കുടിശ്ശികയായുള്ള അഞ്ച് വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ ആറ് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തെളിവെടുപ്പ് യോഗത്തിന് ശേഷം സ്ഥാപനത്തിന്റെ ഒരു റിപ്പോർട്ട് പോലും നാളിതുവരെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാത്തത് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപമായി സമിതി കാണുന്നു.

45) സ്ഥാപനത്തിന്റെ 2019-20 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**19) കോഴിക്കോട് പെർമനന്റ് ലോക് അദാലത്ത്**

46) കോഴിക്കോട് ജില്ലാ നിയമ സേവന അതോറിറ്റിയുടെ കുടിശ്ശികയായുള്ള ഏഴ് വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ ആറ് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ

തെളിവെടുപ്പ് യോഗത്തിന് ശേഷം സ്ഥാപനത്തിന്റെ ഒരു റിപ്പോർട്ട് പോലും നാളിതുവരെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കുന്നതിൽ വളരെയേറെ കാലതാമസം വരുത്തുന്നതിന്റെ കാരണം അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ വകുപ്പ് സെക്രട്ടറി വ്യക്തിപരമായ ശ്രദ്ധ പതിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

47) സ്ഥാപനത്തിന്റെ 2017-18 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**20) കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റി**

48) 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കേരള സംസ്ഥാനത്തെ അഭിഭാഷകരുടെ ക്ഷേമത്തിനായി ഒരു ക്ഷേമനിധി രൂപീകരിച്ച്, ക്ഷേമനിധി അംഗങ്ങൾക്കായി വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി 'കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റി' 05.04.1981-ൽ നിലവിൽ വന്നു.

49) കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റിയുടെ കുടിശ്ശികയായുള്ള മൂന്ന് വർഷത്തെ റിപ്പോർട്ടുകൾ മൂന്ന് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചത് പ്രകാരം 2021-22-ലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ 17.09.2025-ന് സഭയിൽ സമർപ്പിച്ചെങ്കിലും 2022-23, 2023-24 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

50) സ്ഥാപനത്തിന്റെ 2022-23 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**21) <u>കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി</u>**

51) 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ (2003-ലെ 27-ാം ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം, കേരള സംസ്ഥാനത്തെ അഭിഭാഷക ഗുമസ്തൻമാരുടെ ക്ഷേമത്തിനായി ഒരു ക്ഷേമനിധി രൂപീകരിച്ച് ക്ഷേമനിധിയിലെ അംഗങ്ങൾക്ക് വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി 24.06.2004-ൽ നിലവിൽ വന്നു. പ്രസ്തുത ആക്റ്റിലെ വകുപ്പ് 11(ഇ) പ്രകാരം കമ്മിറ്റിയുടെ വാർഷിക റിപ്പോർട്ട് സർക്കാരിന് അയക്കണമെന്നും 12(5) പ്രകാരം കമ്മിറ്റിയുടെ ഓഡിറ്റ് റിപ്പോർട്ടുകൾ സഭയ്ക്ക് മുമ്പാകെ സമർപ്പിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്.

52) സ്ഥാപനത്തിന്റെ 2024-25-ലെ വാർഷിക ഭരണ, ഓഡിറ്റ് റിപ്പോർട്ടുകൾ യഥാക്രമം 27.01.2026, 09.10.2025 എന്നീ തീയതികളിലായി സഭയിൽ സമർപ്പിച്ചിട്ടുണ്ട്. കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിയുടെ <u>റിപ്പോർട്ടുകൾ കുടിശ്ശിക വരുത്താതെ സഭയിൽ സമർപ്പിക്കുന്നതിൽ സ്ഥാപനത്തെ സമിതി പ്രത്യേകമായി അഭിനന്ദിക്കുകയും ഈ മാതൃക എല്ലാവരും പിന്തുടരേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.</u>

**22) <u>കേരള നിയമപരിഷ്കരണ കമ്മീഷൻ</u>**

53) കേരളത്തിൽ നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും കാലഹരണപ്പെട്ടവ ഉണ്ടെങ്കിൽ അവ ഒഴിവാക്കുന്നതിനും മാറുന്ന സാമൂഹിക സാഹചര്യങ്ങൾക്ക് അനുസൃതമായി പുതുതായി നിയമങ്ങൾ രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അത് സംബന്ധിച്ചുള്ള പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിനുമായിട്ടാണ് കേരള നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിച്ചത്.

09.03.2017-ലെ G.O(Ms)No.45/2017/law നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ കമ്മീഷന്റെ ഔദ്യോഗിക പ്രവർത്തനം ആരംഭിച്ചത് 2017 ഏപ്രിൽ 5-നാണ്.

54) കേരള നിയമപരിഷ്കരണ കമ്മീഷന്റെ 2023-24-ലെ വാർഷിക റിപ്പോർട്ട് 13.02.2025-ൽ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. കമ്മീഷന്റെ 2024-25-ലെ വാർഷിക റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സമിതി(2021-23)യുടെ അഞ്ചാമത് റിപ്പോർട്ട് - നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തത് സംബന്ധിച്ച്**

55) സമിതി(2021-23)യുടെ അഞ്ചാമത് റിപ്പോർട്ടിലെ 7, 13, 21-22, 27-28 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കാമെന്ന് നിയമ വകുപ്പ് സെക്രട്ടറി തെളിവെടുപ്പ് യോഗത്തിൽ ഉറപ്പ് നൽകിയിരുന്നു. എന്നാൽ നാളിതുവരെ ആയത് ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56) സമിതി റിപ്പോർട്ടുകളുടെ നടപടി സ്റ്റേറ്റ്മെന്റുകൾ അതത് സമിതിയുടെ കാലയളവിൽ തന്നെ ലഭ്യമാക്കണമെന്ന ചീഫ് സെക്രട്ടറിയുടെ 18.12.2013-ലെ പിഎഡിബി 1/77/2023/പിഎഡി നമ്പർ സർക്കുലർ (അനുബന്ധം-1) നിർദ്ദേശം കർശനമായി പാലിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**എസ്.ആർ.ഒ. നം. 88/2021 സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കാത്തതുമായി ബന്ധപ്പെട്ട് നിയമ വകുപ്പ് ലഭ്യമാക്കിയ മറുപടി സംബന്ധിച്ച്**

57) 2020 മുതൽ 2023 ഡിസംബർ 31 വരെ പുറപ്പെടുവിച്ച എസ്.ആർ.ഒ. കളിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി ഇനിയും ലഭ്യമാക്കിയിട്ടില്ലാത്ത എസ്.ആർ.ഒ.കൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 24.05.2024 തീയതിയിൽ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് കത്തയച്ചിരുന്നു. അപ്രകാരം നിയമ

(കെ.എൽ.ബി.എഫ്.) വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നതിൽ, എസ്.ആർ.ഒ. നം. 88/2021, 08.02.2021-ലെ 11459/കെ.എൽ.ബി.എഫ്.2/2014/നിയമം നമ്പർ കത്ത് മുഖേന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ തന്നെ നിയമസഭാ സെക്രട്ടറിയേറ്റിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് 25.09.2024-ലെ കത്ത് മുഖേന നിയമ വകുപ്പ് അറിയിച്ചിരുന്നു. എന്നാൽ, ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടി എസ്.ആർ.ഒ. സബ്ജക്ട് കമ്മിറ്റി 'ഡി' വിഭാഗത്തിലാണ് ലഭ്യമാക്കിയിരിക്കുന്നതെന്ന് കണ്ടെത്തുകയും പ്രസ്തുത എസ്.ആർ.ഒ. ചട്ടപ്രകാരം സഭയിൽ സമർപ്പിക്കേണ്ടതാണെങ്കിൽ കാലതാമസപത്രിക സഹിതം അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കണമെന്നും 17.10.2024-ലെ കത്ത് പ്രകാരം നിയമ (കെ.എൽ.ബി.എഫ്.) വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി.

58) തുടർന്ന്, നിയമ(കെ.എൽ.ബി.എഫ്.) വകുപ്പ് 24.01.2025 തീയതിയായി സമർപ്പിച്ച കത്തിൽ, “നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ എസ്.ആർ.ഒ. നം. 88/2021 നിയമസഭാ സെക്രട്ടറിയേറ്റിലെ സബ്ജക്ട് കമ്മിറ്റി-'ഡി' വിഭാഗത്തിന് നൽകിയിട്ടുള്ളതിനാൽ ആയത് കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ **ചട്ടം 166 എ** പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി ലഭ്യമാക്കിയതായി പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്നും ഇത് സംബന്ധിച്ച കാലതാമസപത്രിക സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കി തരണമെന്നും" ആവശ്യപ്പെട്ടിരുന്നു.

59) നിയമസഭ പാസാക്കിയ ഒരു ആക്റ്റ് മൂലം സംസ്ഥാന സർക്കാരോ മറ്റു സ്റ്റാറ്റ്യൂട്ടറി അതോറിറ്റികളോ പുറപ്പെടുവിക്കുന്ന സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങളെല്ലാം അവയുടെ കരട് രൂപത്തിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്നും ഏതെങ്കിലും അടിയന്തര സന്ദർഭത്തിൽ കരട് രൂപങ്ങൾ സബ്ജക്ട് കമ്മിറ്റി പരിഗണിക്കാതെ ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടി വരികയാണെങ്കിൽ അങ്ങനെ പുറപ്പെടുവിക്കാൻ ഇടയാക്കിയ കാരണങ്ങളുടെ വിശദീകരണത്തോടൊപ്പം 30 ദിവസത്തിനകം സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കായി അയച്ചു കൊടുക്കേണ്ടതാണെന്നും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(vi)-ൽ വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരമാണ് എസ്.ആർ.ഒ. നം. 88/2021 നിയമ(കെ.എൽ.ബി.എഫ്.) വകുപ്പിൽ നിന്നും സബ്ജക്ട് കമ്മിറ്റി- 'ഡി' വിഭാഗത്തിന് നൽകിയിട്ടുള്ളത്.

60) 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധി ആക്റ്റിലെ (2003-ലെ 27) 25-ാം വകുപ്പ് പ്രകാരമാണ് 2020-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ്

ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ. നം. 88/2021) പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ആക്റ്റിലെ സെക്ഷൻ 25(2) പ്രകാരം

**"ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ഓരോ ചട്ടവും അത് ഉണ്ടാക്കിയ ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ 14 ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതി പോലെ, അങ്ങനെ രൂപപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടങ്ങൾ പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതക്ക് ഭംഗം വരുത്തുന്നതല്ലാത്തതാകുന്നു."** എന്ന് വ്യക്തമാക്കിയിട്ടുണ്ട് .

61) അപ്രകാരം ഉണ്ടാക്കുന്ന എല്ലാ റെഗുലേഷനുകളും ചട്ടങ്ങളും ഉപചട്ടങ്ങളും ബൈലോകളും എത്രയും പെട്ടെന്ന് സഭ മുമ്പാകെ വയ്ക്കുവാൻ ലഭ്യമാക്കേണ്ടതും എന്നാൽ ഒരു കാരണവശാലും അവ പുറപ്പെടുവിച്ച് 2 മാസം കവിയാൻ പാടില്ലാത്തതുമാണെന്നും ഏതെങ്കിലും വകുപ്പ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ അപ്രകാരമുള്ള ഏതെങ്കിലും രേഖകൾ നൽകുന്നതിൽ പരാജയപ്പെടുന്ന പക്ഷം, ബന്ധപ്പെട്ട വകുപ്പ് മന്ത്രി കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുന്ന ഒരു പ്രസ്താവന, റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവയോടൊപ്പം മേശപ്പുറത്തു വയ്ക്കേണ്ടതാണെന്ന് ചട്ടം 166 എ-ൽ വ്യക്തമാക്കിയിട്ടുണ്ട്.

62) <u>ആയതിനാൽ എസ്.ആർ.ഒ. നം. 88/2021 ടി ആക്റ്റിലെ 25(2) വകുപ്പ് പ്രകാരവും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 എ പ്രകാരവും സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ അംഗങ്ങൾക്ക് പ്രസ്തുത ചട്ടത്തിൽ ഭേദഗതി എന്തെങ്കിലും നിർദേശിക്കുന്നതിനും മറ്റും സാധിക്കുകയുള്ളൂ. പ്രസ്തുത എസ്.ആർ.ഒ. സഭയുടെ മേശപ്പുറത്തു വയ്ക്കാത്തപക്ഷം</u>

ആയത് ആക്റ്റിന് വിരുദ്ധവും അംഗങ്ങളുടെ അവകാശങ്ങളിൻമേലുള്ള കൈകടത്തലുമാകും.

63) ആയതിനാൽ സബ്ജക്ട് കമ്മിറ്റി- 'ഡി' വിഭാഗത്തിന് നൽകിയിട്ടുള്ളതിനാൽ സഭയുടെ മേശപ്പുറത്ത് വെക്കുന്നതിനായി ലഭ്യമാക്കിയതായി പരിഗണിച്ച് തുടർനടപടികൾ സ്വീകരിച്ചുകൊണ്ട് കാലതാമസപത്രിക സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കി തരണമെന്ന് നിയമ(കെ.എൽ.ബി.എഫ്.) വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നത് കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവഹണവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം അംഗീകരിക്കാനാവില്ലെന്ന വിവരം ചട്ടങ്ങൾ ഉദ്ധരിച്ചു കൊണ്ട് 10.04.2025-ലെ കത്ത് മുഖേന വകുപ്പിനെ വീണ്ടും അറിയിച്ചിരുന്നു.

64) തുടർന്ന്, നിയമ (കെ.എൽ.ബി.എഫ്.) വകുപ്പ് 22.05.2025 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ മറുപടിയുടെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

**"പ്രസ്തുത എസ്.ആർ.ഒ.-യുടെ പകർപ്പുകൾ നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ നിയമസഭയിൽ (സബ്ജക്ട് കമ്മിറ്റി ഡി വിഭാഗത്തിന് ) ലഭ്യമാക്കിയിട്ടുള്ളതിനാൽ ആയത് കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166എ പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി ലഭ്യമാക്കിയതായി പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്നും ഇത് സംബന്ധിച്ച കാലതാമസപത്രിക സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കി തരണമെന്നും ഒന്നു കൂടി അഭ്യർത്ഥിക്കുന്നു."**

**65)** പ്രസ്തുത മറുപടി 25.06.2025-ലെ യോഗത്തിൽ പരിഗണിക്കുകയും നിയമ വകുപ്പിന്റെ മറുപടി തൃപ്തികരമല്ലെന്നും എസ്.ആർ.ഒ.-കൾ സഭയുടെ മേശപ്പുറത്തുവച്ചാൽ മാത്രമേ അംഗങ്ങൾക്ക് പ്രസ്തുത ചട്ടത്തിൽ ഭേദഗതി നിർദേശിക്കുന്നതിനും മറ്റും സാധിക്കുകയുള്ളൂവെന്നും പ്രസ്തുത എസ്.ആർ.ഒ. സഭയുടെ മേശപ്പുറത്ത് വയ്ക്കാത്തപക്ഷം ആയത് ആക്റ്റിന് വിരുദ്ധവും അംഗങ്ങളുടെ അവകാശങ്ങളിന്മേലുള്ള കൈകടത്തലുമാകുമെന്നും നിരീക്ഷിച്ച സമിതി നിയമ വകുപ്പിന്റെ ഇത്തരത്തിലുള്ള നിലപാട് അംഗീകരിക്കാനാവില്ലെന്നും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി പ്രസ്തുത എസ്.ആർ.ഒ. ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നിയമ വകുപ്പിലേയ്ക്ക് നിരവധി കത്തുകൾ അയച്ചിട്ടും സബ്ജക്ട് കമ്മിറ്റിക്ക് ലഭ്യമാക്കിയിട്ടുള്ള എസ്.ആർ.ഒ.യുടെ

പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി ലഭ്യമാക്കിയതായി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കണമെന്നും കാലതാമസപത്രിക സമർപ്പിക്കുന്നതിൽനിന്നും ഒഴിവാക്കി നൽകണമെന്നുമുള്ള നിയമ വകുപ്പിന്റെ ആവർത്തിച്ചുള്ള മറുപടിയുടെ അടിസ്ഥാനത്തിലാണ് ഈ വിഷയം സംബന്ധിച്ച് നിയമ വകുപ്പ് സെക്രട്ടറി , ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും തെളിവെടുക്കുന്നതിന് തീരുമാനിച്ചത്.

66) നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 എ പ്രകാരം എസ്.ആർ.ഒ.-യുടെ പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് സമർപ്പിച്ചാൽ മാത്രമേ നിയമസഭാംഗങ്ങൾക്ക് അതിന്മേൽ ഭേദഗതികൾ കൊണ്ടുവരാൻ സാധിക്കുകയുള്ളൂവെന്നും എന്നാൽ എസ്.ആർ.ഒ. സബ്ജക്ട് കമ്മിറ്റിയിൽ സമർപ്പിക്കുമ്പോൾ അതിലെ അംഗങ്ങൾക്കുമാത്രമേ അതുസംബന്ധിച്ച് അറിവുണ്ടാകുകയുള്ളൂവെന്നും എല്ലാ വകുപ്പുകളും ചട്ടങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട നിയമ വകുപ്പുതന്നെ ഇങ്ങനെയൊരു നിലപാട് സ്വീകരിക്കുന്നത് ന്യായീകരിക്കാൻ കഴിയില്ലെന്നും തെളിവെടുപ്പ് യോഗത്തിൽ സമിതി വ്യക്തമാക്കിയിരുന്നു.

67) നിയമസഭാ സെക്രട്ടേറിയറ്റിൽ എസ്.ആർ.ഒ.കളുടെ അഞ്ച് പകർപ്പുകൾ ഹാജരാക്കിയാൽ മതിയെന്ന തെറ്റിദ്ധാരണ കാരണമാണ് പ്രസ്തുത കോപ്പികൾ സബ്ജക്ട് കമ്മിറ്റിക്ക് സമർപ്പിച്ചതെന്നും നിലവിൽ എസ്.ആർ.ഒ. കാലതാമസപത്രിക സഹിതം മേശപ്പുറത്ത് വയ്ക്കുന്ന കടലാസ്സുകൾ സംബന്ധിച്ച കമ്മിറ്റിക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും ആയതിനാൽ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച മാപ്പാക്കണമെന്നും നിയമ വകുപ്പ് സെക്രട്ടറി തെളിവെടുപ്പ് വേളയിൽ സമിതി മുമ്പാകെ അഭ്യർത്ഥിച്ച സാഹചര്യത്തിൽ മറുപടി അംഗീകരിച്ച് ഫയൽനടപടികൾ അവസാനിപ്പിക്കുന്നതിന് സമിതി തീരുമാനിച്ചു.

68) <u>നിയമ വകുപ്പ് പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ / വിജ്ഞാപനങ്ങൾ എന്നിവ അവ പുറപ്പെടുവിച്ച് രണ്ട് മാസത്തിനുള്ളിൽത്തന്നെ സഭ മുമ്പാകെ വയ്ക്കാൻ ലഭ്യമാക്കേണ്ടതാണെന്നും അപ്രകാരം ലഭ്യമാക്കിയിട്ടില്ലാത്തപക്ഷം കാലതാമസ</u>

പത്രിക സഹിതം എത്രയും വേഗം സഭ മുമ്പാകെ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**നിയമ വകുപ്പിനുള്ള പൊതു ശിപാർശകളും നിർദ്ദേശങ്ങളും**

69) നിയമ വകുപ്പിന് കീഴിലുള്ള ഏതൊക്കെ സ്ഥാപനങ്ങളാണ് സഭയിൽ റിപ്പോർട്ട് സമർപ്പിക്കാൻ ബാധ്യസ്ഥരെന്നും പ്രസ്തുത സ്ഥാപനങ്ങൾ ഏത് ആക്റ്റ് പ്രകാരമാണ് റിപ്പോർട്ട് സമർപ്പിക്കുന്നതെന്നും സംബന്ധിച്ച് വിശദവിവരം സമിതിയിൽ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

70) സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന റിപ്പോർട്ടിലെ ഉള്ളടക്കവും റിപ്പോർട്ടിന്റെ പുറംചട്ടയിലെ രേഖപ്പെടുത്തലും ഒന്നുതന്നെയാണെന്ന് ഉറപ്പ് വരുത്തേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പിന്റെ ചുമതലയാണെന്നും ഇത് പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

71) നിയമ വകുപ്പിന് കീഴിലുള്ള ഭൂരിഭാഗം സ്ഥാപനങ്ങളും കുറേ വർഷങ്ങളിലെ റിപ്പോർട്ടുകൾ ഒന്നിച്ച് സമർപ്പിക്കുന്ന രീതി തുടർന്ന് വരുന്നതായി നിരീക്ഷിച്ച സമിതി കുറേ വർഷങ്ങൾക്ക് ശേഷം റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുമ്പോൾ അതിന്റെ പ്രസക്തി നഷ്ടപ്പെടുകയാണെന്നും അതിനാൽ വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളും നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ സഭയിൽ സമർപ്പിക്കുവാൻ ഓരോ സ്ഥാപനവും ശ്രദ്ധിക്കണമെന്നും വകുപ്പ് ഇതിനാവശ്യമായ കർശന നിർദ്ദേശം സ്ഥാപനങ്ങൾക്ക് നൽകണമെന്നും നിർദ്ദേശിക്കുന്നു.

72) കുടിശ്ശിക റിപ്പോർട്ടുകൾക്കൊപ്പം ഹാജരാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ ധനകാര്യ വകുപ്പിന്റെ 21.12.2013-ലെ 105/2013/ധന. നമ്പർ സർക്കുലർ(അനുബന്ധം-2) പ്രകാരമുള്ള മാതൃകയിലായിരിക്കണമെന്നും ഏതൊക്കെ ഘട്ടങ്ങളിലാണ് കാലതാമസം വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന രീതിയിൽ കാലതാമസപത്രിക തയ്യാറാക്കി സഭ മുൻ പാകെ സമർപ്പിക്കണമെന്നും നിസ്സാര കാരണങ്ങൾ ചൂണ്ടിക്കാട്ടി കാലതാമസ പത്രിക സമർപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും സമിതി നിർദേശിക്കുന്നു.

73) കുറേ വർഷങ്ങളിലെ റിപ്പോർട്ടുകൾ ഒന്നിച്ച് സമർപ്പിക്കുകയും അവയ്ക്കെല്ലാം കൂടി ഒരൊറ്റ കാലതാമസപത്രിക ലഭ്യമാക്കുകയും ചെയ്യുന്ന രീതി ആവർത്തിച്ച് വരുന്നതായി കണ്ടെത്തിയ സമിതി ഓരോ വർഷത്തെയും കാലതാമസത്തിനുള്ള കാരണം വ്യത്യസ്തമാണെന്നതിനാൽ ഓരോ വർഷത്തേയ്ക്കും പ്രത്യേകം പ്രത്യേകം കാലതാമസപത്രിക ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

74) സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ വകുപ്പിൽ ലഭ്യമായതിന് ശേഷം നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത് വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമായി സമിതി വിലയിരുത്തുന്നതിനോടൊപ്പം വകുപ്പിൽ ലഭ്യമാകുന്ന റിപ്പോർട്ടുകൾ താമസംവിനാ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

75) നിയമ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ കൃത്യനിഷ്ഠ പാലിക്കുന്നതായി കാണുന്നില്ല. എല്ലാ വകുപ്പുകളും ചട്ടങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ട നിയമ വകുപ്പിന്റെ ഭാഗത്ത് നിന്നും ഇത്തരത്തിൽ ഗുരുതരമായ വീഴ്ച ഉണ്ടാകുന്നത് ഖേദകരമാണ്. റിപ്പോർട്ടുകൾ കുടിശ്ശിക വരുത്താതെ സഭയിൽ സമർപ്പിക്കാൻ ശ്രമിക്കണമെന്നും ഇക്കാര്യത്തിൽ വകുപ്പ് സെക്രട്ടറി എല്ലാ ഉദ്യോഗസ്ഥർക്കും ആവശ്യമായ നിർദ്ദേശം നല്കി ഇത്തരം ഉത്തരവാദിത്വമില്ലായ്മ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**ശ്രീ. പി. സി. വിഷ്ണുനാഥ്,**
ചെയർപേഴ്സൺ,
മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

തിരുവനന്തപുരം
23 ഫെബ്രുവരി 2026